

THURSDAY 09-06-2022 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : Sunilkumar R    Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananhapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–09/06/2022.

1. കേരള കാർഷിക സർവകലാശാലയുടെ കോഴിക്കോട് ജില്ലയിലെ വേങ്ങേരി കാർഷിക വിജ്ഞാന വിപണന കേന്ദ്രത്തിൽ വിവിധയിനം തൈകൾ, വിത്തുകൾ ജൈവനിവേശങ്ങൾ മുതലായവ വിൽപ്പനയ്ക്ക് ലഭ്യമാണ്. ചെറുനാരങ്ങ, ആത്തച്ചക്ക, സുറിനാം ചെറി, പാഷൻ ഫ്രൂട്ട് അവോക്കാഡോ ഗ്രാഫ്റ്റ്, വെസ്റ്റ് ഇന്ത്യൻ ചെറി, കാരമ്പോള, മധുര നെല്ലി, സപ്പോട്ട ഗ്രാഫ്റ്റ്, പനീർ ചാമ്പ, ആര്യ വേപ്പ്, കമുക് (കാസറഗോടൻ, മോഹിത് നഗർ), കറിവേപ്പ്, കുടമ്പുളി, ഗ്രാമ്പു, കുറ്റി കുരുമുളക്, വള്ളി കുരുമുളക് -പന്നിയൂർ 1,3,6, കുരുമുളക് ഗ്രാഫ്റ്റ്, കറ്റാർവാഴ, ഗ്രാമ്പൂ, സർവസുഗന്ധി, ജാതി തൈ, ഓർണമെന്റൽ പാം എന്നിവയുടെ തൈകൾ, പച്ചക്കറി വിത്തുകൾ, വിവിധ ജൈവവളങ്ങൾ, ജൈവിക കീടരോഗ നിയന്ത്രണ ഉപാധികളായ ട്രൈക്കോഡാർമ, സ്യൂഡോമൊണാസ്, വാം, മെറ്റാറിസിയം, ബ്യൂവേറിയ, ലക്കാനിസിലിയം, തെങ്ങിന്റെ കൂമ്പ് ചീയലിനെതിരെയുള്ള ട്രൈക്കോ കേക്ക്, ചെടികളുടെ വളർച്ചയ്ക്കുള്ള ഹ്യൂം പ്ലസ്, മരച്ചീനിയിലയിൽ നിന്നുള്ള ജൈവകീടനാശിനികളായ നന്മ, ശ്രേയ, സൂക്ഷ്മ മൂലകക്കൂട്ട് (അയർ, സമ്പൂർണ), മൂല്യ വർദ്ധിത ഉത്പന്നങ്ങൾ, കൂൺ വിത്ത് എന്നിവ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ **0495-2935850** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

2. കാർഷിക സർവകലാശാല വെള്ളാനിക്കര കാർഷിക കോളേജിലെ പ്ലാന്റേഷൻ ആൻഡ് സ്പൈസസ് വകുപ്പിൽ അത്യുല്പ്പാദന ശേഷിയുള്ള ഇഞ്ചി (ആതിര, ചിത്ര), തിപ്പലി (വിശ്വം) തൈകൾ വിൽപനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **9447583467** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക

3. കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ ഒരു ദിവസം പ്രായമായ ഗ്രാമശ്രീ പൂവൻ കോഴികുഞ്ഞുങ്ങൾ 10 രൂപ നിരക്കിൽ ചൊവ്വ, വെള്ളി എന്നീ ദിവസങ്ങളിൽ ലഭ്യമാണ്. താൽപര്യമുള്ളവർ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 11 മണി മുതൽ ഉച്ചയ്ക്ക് 3 മണി വരെ **0471 2730804** എന്ന ഫോൺ നമ്പരിൽ ബുക്കിംഗിനായി ബന്ധപ്പെടാവുന്നതാണ്

4. കേരള കാർഷിക സർവ്വകലാശാല വിജ്ഞാനവ്യാപന ഡയറക്ടറേറ്റിന് കീഴിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെൻറർ ലോക പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി **കാർഷിക സർവ്വകലാശാല വിദ്യാലയങ്ങളിലേക്ക്** എന്ന പദ്ധതിയുടെ ഭാഗമായി ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി ജീവിതത്തിലെ

എല്ലാ നല്ല അനുഭവങ്ങളും സെൽഫിയിലൂടെ പ്രദർശിപ്പിക്കുന്ന ഇന്നത്തെ യുവ തലമുറയ്ക്ക് **"പ്രകൃതിയുമായി ഒരു സെൽഫി"** എന്ന മത്സരം സംഘടിപ്പിക്കുന്നു. ഈ മത്സര പരിപാടിയിൽ സമർപ്പിക്കേണ്ട ഫോട്ടോ 4:3 ആസ്പെക്ട് അനുപാതത്തിൽ ആയിരിക്കണം. https://forms.gle/2KGgdufKLA6zzpP29 എന്ന ഗൂഗിൾ ഫോമിൽ അപ്‌ലോഡ് ചെയ്യുന്നതിന് മുമ്പായി ജെപിജി ഫോർമാറ്റിലാണ് ചിത്രം എന്നും മറ്റ് സോഷ്യൽ മീഡിയകളിൽ ഒന്നും തന്നെ നേരത്തെ ഇവ പോസ്റ്റ് ചെയ്തിട്ടില്ല എന്നും ഉറപ്പ് വരുത്തേണ്ടതാണ്. ഗൂഗിൾഫോം അപ്‌ലോഡ് ചെയ്യുന്നതിനുള്ള അവസാന തീയതി ഈ മാസം 13 (ജൂൺ 13) ആണ്.

5. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ പിട കോഴിക്കുഞ്ഞുങ്ങൾ 22 രൂപ നിരക്കിലും പൂവൻ കോഴിക്കുഞ്ഞുങ്ങൾ 10 രൂപ നിരക്കിലും ചൊവ്വ, വെള്ളി ദിവസങ്ങളിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. താൽപ്പര്യമുള്ളവർ **0479-2452277** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെട്ട് പേര് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്.

6. മൃഗസംരക്ഷണ വകുപ്പിലെ ഡോക്ടർമാർക്ക് മറൈൻ മെഗാഫൗന സ്ട്രാൻഡിംഗ് റസ്പോൺസ് എന്ന വിഷയവുമായി ബന്ധപ്പെട്ടുള്ള ട്രെയ്നിംഗ് വർക്ക്ഷോപ്പ് തിരുവനന്തപുരം ഡിഎഫ്ഇഐസി സോഷ്യൽ ഫോറസ്ട്രി കോംപ്ലക്സിൽ ഇന്ന് (ജൂൺ 7-ന്) രാവിലെ 10 ന് നടന്നു. കടലിലെ ഭീമൻമാരായ, തിമിംഗലം, തിമിംഗല സ്രാവുകൾ, ഡോൾഫിൻ എന്നിവയെല്ലാം അടുത്തകാലങ്ങളിലായി കരയിലടിയുന്ന സംഭവങ്ങൾ സർവ്വസാധാരണമായികൊണ്ടിരിക്കുകയാണ്. ഇത്തരത്തിൽ കരയിലടിയുന്ന ജീവികളെ സുരക്ഷിതമായി തിരിച്ച് കടലിലേക്ക് അയയ്ക്കുന്നതിനും, രോഗനിർണ്ണയം നടത്തി അവയെ പരിപാലിച്ച് തിരിച്ചയക്കുന്നതിനും വേണ്ട പരിശീലനം നൽക്കുന്നതിന്റെ തുടക്കമായിട്ടാണ് ഇത്തരത്തിലൊരു പരിപാടി wti യുടെ സഹകരണത്തോടെ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് സംഘടിപ്പിച്ചത്. കൊല്ലം സതേൺ സർക്കിൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഡോ. സഞ്ജയൻ കുമാർ ഐഎഫ്എസ്, അധ്യക്ഷനായ ചടങ്ങിൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (എഫ്, ബി,എ) പ്രമോദ് ജി കൃഷ്ണൻ ഐഎഫ്എസ് ഉദ്ഘാടനം നിർവ്വഹിച്ചു. ചടങ്ങിൽ, ഡിസ്ട്രിക്ട് അനിമൽ ഹസ്ബൻഡറി ഓഫീസർ ഡോ ബീനാബീവി ടിഎം മുഖ്യാതിഥിയായിരുന്നു. തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ കെ ഐ പ്രദീപ്കുമാർ ഐഎഫ്എസ്, ഡോ. എൻവികെ അഷറഫ് (വൈൽഡ്ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യയുടെ

വൈസ് പ്രസിഡന്റ് ആൻഡ് ചീഫ് വെറ്റിനറി ഓഫീസർ), wti മറീൻ സയന്റിസ്റ്റ് സാജൻ ജോൺ, സോഷ്യൽ ഫോറസ്ട്രി എസിഎഫ് ബി. സന്തോഷ് കുമാർ, പാലോട് റേഞ്ച് ഫോറസ്റ്റ് ഓഫീസർ ടി അജികുമാർ എന്നിവർ പരിപാടിയിൽ സംസാരിക്കുകയുണ്ടായി. ചടങ്ങിൽ ഈ മേഖലയിൽ പ്രാവീണ്യം നേടിയ ഡോ. നേഹ ഷാ മറൈൻ മാമൽസ് നെക്രോപ്സി, സമുദ്ര സസ്തനി രോഗം, രക്ഷാപ്രവർത്തനങ്ങൾ എന്നീ വിഷയത്തിൽ ക്ലാസുകൾ എടുത്തു.

**പരിശീലന പരിപാടികൾ**

7. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ഇന്ന് (ജൂൺ 09) രാവിലെ 11 മണിക്ക് **ഭക്ഷ്യ വിഷബാധയും സംശുദ്ധ ഭക്ഷ്യോത്പാദനവും** എന്ന വിഷയത്തിൽ എഫ്.ഐ.ബി കേരളയുടെ ഫേയ്സ്ബുക്ക് പേജിലൂടെ തത്സമയപരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9383470289** എന്ന നമ്പരിൽ ബന്ധപ്പെടുക

8. കേരള കാർഷിക സർവ്വകലാശാല ഇ -പഠന കേന്ദ്രം "സമ്പന്ന മാലിന്യം" എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലന പരിപാടി ജൂൺ 15 ന് തുടങ്ങുന്നു . കേരള കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞരാണ് ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത്. അപേക്ഷിക്കേണ്ട അവസാന തീയതി ഈ മാസം 14 (ജൂൺ 14). 24 ദിവസം ദൈർഘ്യമുള്ള ഈ കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. പതിനൊന്ന് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ സർട്ടിഫിക്കറ്റും നൽകുന്നതാണ്. സർട്ടിഫിക്കറ്റിന് നിശ്ചിത ഫീസ് ഈടാക്കുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്ക് വഴി ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം.

9. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള സെന്റർ ഫോർ ഇ-ലേണിംഗ് (സെൽ) വെള്ളാനിക്കര കാർഷിക കോളേജിലെ അഗ്രികൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ് വകുപ്പുമായി സഹകരിച്ച് **'R' സോഫ്റ്റ്വെയർ ഉപയോഗിച്ച് ഡാറ്റാ അനാലിസിസ്** പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ഈ മാസം 21 മുതൽ 25 വരെ (ജൂൺ 21 മുതൽ 25 വരെ) തുടർച്ചയായി 5 ദിവസത്തേക്ക് ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി

വരെ പ്രോഗ്രാം ഷെഡ്യൂൾ ചെയ്തിരിക്കുന്നു. ഡാറ്റ അനലിറ്റിക്സ് പഠിക്കാൻ താൽപ്പര്യമുള്ള രാജ്യത്തെ എല്ലാ സർവ്വകലാശാലകളിലെയും ഫാക്കൽറ്റികൾ, വിദ്യാർത്ഥികൾ, ഡാറ്റാ അനലിസ്റ്റ്, ഗവേഷകർ എന്നിവർക്ക് രജിസ്റ്റർ ചെയ്യാം. പങ്കെടുക്കുന്നവർ https://forms.gle/ubE1jd8bHCa9z9GQA എന്ന ഗൂഗിൾ ഫോം ലിങ്ക് വഴി രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷനുള്ള അവസാന തീയതി ജൂൺ 15 ആണ്.

10. കോഴിക്കോട് ജില്ലയിൽ ബേപ്പൂർ നടുവട്ടത്ത് സ്ഥിതിചെയ്യുന്ന കോഴിക്കോട് ക്ഷീരപരിശീലന കേന്ദ്രത്തിൽ വെച്ച് ഈ മാസം 09, 10 (09.06.2022, 10.06.2022) തീയതികളിൽ തീറ്റപ്പുൽ കൃഷി പരിശീലന പരിപാടി നടത്തുന്നു. പ്രവേശന ഫീസ് 20 രൂപ. ഏതെങ്കിലും തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ പരിശീലന സമയത്ത് ഹാജരാക്കേണ്ടതാണ്. പരിശീലനത്തിന് താൽപ്പര്യമുള്ളവർ ddþdtcþkkd.dairy@kerala.gov.in എന്ന ഇ മെയിൽ വിലാസത്തിലോ **0495-2414579** എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം